## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2681

21/06/2012 ൽ മറുപടി
നൽകുന്നത്

## ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നത്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കാൻ വില്ലേജ് ഓഫീസുകൾ മുഖേന അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാനത്തെ 2015 ാം വർഷാന്ത്യത്തോടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി Zero Landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ൽ ആരംഭിച്ചു. അപേക്ഷാ ഫാറങ്ങളുടെ വിതരണം 18/06/2012 വരെ സ്വീകരിക്കാനാണ് നിർദ്ദേശം നല്കിയിരുന്നത്. എന്നാൽ 18/06/2012ലെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം ഭൂരഹിതർക്ക് ഭൂമിക്ക് വേണ്ടി അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; | (ബി) വർഷങ്ങളായി ഏറ്റെടുക്കാതെ കിടക്കുന്ന മിച്ച ഭൂമി ഏറ്റെടുത്ത് കൊണ്ടും, ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള സർക്കാർ ഭൂമികളിൽ പതിച്ചു നല്കാവുന്ന ഭൂമി കണ്ടെത്തിയും, പ്രസ്തുത പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) എങ്കിൽ ഭൂമി എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്നും വിശദമാക്കാമോ? | (സി) 2015 ാം വർഷാന്ത്യത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി പൂർത്തിയാകുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതും ആയത് 18/07/2012ന് അവസാനിക്കുന്നതുമാണ്. വില്ലേജ് ആഫീസുകളിൽ തിരികെ ലഭിച്ച പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫിസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന ആരംഭിച്ചിട്ടുള്ളതും ആയത് പൂർത്തിയാക്കി, 15/08/2012ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച് ആക്ഷേപരഹിതമായ അന്തിമ ലിസ്റ്റ് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ